# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1176 10.08.2017 -ൽ മറുപടിക്ക്

### സ്കൂളുകളിൽ മലയാളഭാഷാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | ഈ അധ്യയനവർഷം മുതൽ മലയാളം നിർബന്ധിത ഭാഷാ ആക്ടിന്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ മലയാളഭാഷാ പഠനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ | മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത വിദ്യാലയങ്ങളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ്സ് മുതൽ) ക്രമാനുഗതമായി പത്താം തരം വരെ മലയാളഭാഷ പഠിപ്പിക്കണമെന്നാണ് മലയാള ഭാഷാപഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷം മാത്രമേ ഇത്തരം സ്കൂളുകളിൽ മലയാളഭാഷാ പഠനം ആരംഭിക്കാൻ കഴിയൂ. |
| ബി | ഇല്ലെങ്കിൽ ഇനിയും എത്ര സ്കൂളുകളിൽ നടപ്പിലാക്കാനുണ്ടെന്നറിയിക്കുമോ; വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ; | ബി | മലയാളഭാഷാപഠന ആക്ട് സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ലാത്തതിനാൽ മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത സ്കൂളുകളിൽ മലയാള ഭാഷാ പഠനം ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി | പ്രസ്തുത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | | മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത സ്കൂളുകളിൽ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ മലയാളഭാഷാ പഠനം ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല എന്നതാണ് കാരണം. ആയതിനാൽ മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം പിൻവലിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| ഡി | ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; ന്യൂനതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | നിയമവകുപ്പിന്റെ മേൽനോട്ടത്തിലാണ് മലയാളഭാഷാപഠന ആക്ട് രൂപം കൊണ്ടിട്ടുള്ളത്. കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ